LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് പ്രസ്സ്

240 (1714) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ ഇതുവരെ ഗവ.പ്രസ്സ് സ്ഥാപിക്കാത്തത് എന്തുകൊണ്ട്; ഈ പോരായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ പ്രിന്റിംഗ് പ്രസ്സിന്റെ അഭാവത്തിൽ കാസർഗോഡ് ജില്ലയ്ക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ എവിടെയാണ് ചെയ്യുന്നത്;

(സി) മറ്റ് ജില്ലകളിലെ പ്രസ്സിൽ കാസർഗോട് ജില്ലയ്ക്ക് വേണ്ടിയുള്ള പ്രിന്റിംഗ് ജോലികൾ ചെയ്യേണ്ടി വരുന്നതുമൂലമുള്ള അധിക ചിലവും കാലതാമസവും ഒഴിവാക്കാൻ കാസർഗോഡ് ഒരു പ്രസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പ്രസ്സ് ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രിന്റിംഗ് ജോലികളുടെ മുൻഗണനാക്രമം അനുസരിച്ച് വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടി ജോലികൾ ചെയ്തുവരുന്നു.

(സി) പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

241 (1715) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിനു കീഴിൽ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വികേന്ദ്രീകൃതാസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശ ലക്ഷ്യത്തോടു കൂടി നടപ്പിലാക്കി വരുന്ന പ്രോജക്ടാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്.

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഭരണപരവും നയപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ പരിശീലനങ്ങൾ നൽകുന്നത് കിലയും, എസ്.ഐ.ആർ.ഡി.-യുമാണ്. തദ്ദേശതലത്തിലുള്ള വിവര ശേഖരണം, സർവ്വേ, വിവിധ പഠനങ്ങൾ എന്നിവ നടത്തുന്നതിനും അവ പൊതുജനങ്ങൾക്ക് ലഭ്യമായ രീതിയിൽ വിന്യസിക്കുന്നതിനും വേണ്ടി ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് ഐ.കെ.എം.-ന്റെയും ഓഡിറ്റിംഗിനു വേണ്ടി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

വീടിന് പെർമിറ്റ് ലഭിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയിലേക്ക് നൽകിയ അപേക്ഷകൾ

242 (1716) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് CRZ നിയമം പ്രകാരം വീടിന് പെർമിറ്റ് ലഭിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയിലേക്ക് അപേക്ഷ നൽകിയ എത്ര കേസുകൾ തീർപ്പാവാതെ നിൽക്കുന്നുണ്ടെന്നും ബന്ധപ്പെട്ട അപേക്ഷകളുടെ വിശദാംശം (അപേക്ഷകന്റെ പേര്, വിലാസം, പഞ്ചായത്തിൽ നിന്നും തീരദേശ പരിപാലന അതോറിറ്റിയിലേക്ക് അയച്ച ഫയൽ നമ്പർ, തീയതി മുതലായവ) പഞ്ചായത്ത് തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ?